# ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം

വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ - 695035

ഫോൺ: 0471-2302490 ഫാക്സ്:0471-2303025/20303080

ഇ-മെയിൽ: **dhskerala@gmail.com** വെബ്സൈറ്റ്: **www.dhs.kerala.gov.in**


നം.ഇ.ഇ 2-90418/2017/ആ.വ.ഡ — തീയതി, 13/12/2017.

## നോട്ടീസ്

വിഷയം:- ആ.വ.ഡ - ജീവനക്കാര്യം - നേഴ്സിംഗ് ട്യൂട്ടർ തസ്തിക - തസ്തികമാറ്റം മുഖേന നിയമനത്തിനായുള്ള സീനിയോറിറ്റി പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച്.

സൂചന: -1. ഉത്തരവ് നം.ഇ.ഇ 2-38607/2010/ആ.വ.ഡ തീയതി, 22/01/2016.
2. 23/08/2017 തീയതിയിലെ ശ്രീമതി.ബിജി പുന്നൂസ്, ഹെഡ് നേഴ്സ് സമർപ്പിച്ച അപേക്ഷ.
3. 28/09/2017 തീയതിയിലെ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ജി 1- ഒ.എ(ഇ) 1901/2017 എന്ന നമ്പർ ഉത്തരവ്.
4. 23/11/2017 തീയതിയിലെ ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി, പത്തനംതിട്ടയുടെ പി.എൽ.വി 10913/2017 എന്ന നമ്പർ കത്ത്.

പത്തനംതിട്ട താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ ഹെഡ്നേഴ്സായ ശ്രീമതി.ബിജി പുന്നൂസിന് നേഴ്സിംഗ് ട്യൂട്ടർ തസ്തികയിലെ സീനിയോറിറ്റി പട്ടികയിൽ പേര് ഉൾപ്പെടാത്തതിനെതിരെ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ സൂചന (3) പ്രകാരം സമർപ്പിച്ച അപേക്ഷയിൻമേൽ കോടതി ഉത്തരവ് പ്രകാരം ഈ ഓഫീസിലെ ശ്രീമതി.ബിജി പുന്നൂസിന്റെ രേഖകൾ പരിശോധിച്ചതിൽ നിന്നും 1990-2002 കാലയളവിലെ രണ്ടാം ഗ്രേഡ് സ്റ്റാഫ് നേഴ്സുമാരുടെ സീനിയോറിറ്റി പട്ടികയിൽ ശ്രീമതി.ബിജി പുന്നൂസിന്റെ റാങ്ക് നമ്പർ 2820 ആണ്.

ശ്രീമതി.ബിജി പുന്നൂസ് സൂചന (1) പ്രകാരം പ്രസിദ്ധീകരിച്ച ലിസ്റ്റിൽ ഉൾപ്പെടേണ്ട ആളായിരുന്നു. എന്നാൽ ടിയാൾ യഥാസമയം ഈ ഓഫീസിൽ അപേക്ഷ സമർപ്പിച്ചിട്ടില്ല. ആയതിനാൽ സൂചന (1) പ്രകാരം പ്രസിദ്ധീകരിച്ച സീനിയോറിറ്റി പട്ടികയിൽ താൽക്കാലികമായി ഉൾപ്പെടുത്താൻ തീരുമാനിക്കുകയും ചെയ്യുന്നു. ഇതോടൊപ്പം ചേർത്തിരിക്കുന്ന അനുബന്ധം (എ)-യിൽ ജീവനക്കാരിയുടെ വിശദവിവരങ്ങൾ പ്രസിദ്ധീകരിക്കുന്നതോടൊപ്പം പേരിന്റെ വലത്തെ അറ്റത്തെ പത്താമത്തെ കോളത്തിൽ താൽക്കാലികമായി റാങ്ക് നമ്പർ പുന:ന്നിർണ്ണയിച്ച് നൽകുവാൻ തീരുമാനിക്കുന്നു. ഇതിൻമേൽ ആർക്കെങ്കിലും പരാതിയോ ആക്ഷേപമോ ഉണ്ടെങ്കിൽ നോട്ടീസ് പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം രേഖാമൂലം ആരോഗ്യവകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

(ഒപ്പ്)
ഡോ.ബിന്ദു മോഹൻ
അഡീഷണൽ ഡയറക്ടർ (മെഡിക്കൽ)

ഉള്ളടക്കം : അനുബന്ധം എ

പകർപ്പ് : 1. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), പത്തനംതിട്ട
2. സൂപ്രണ്ട്, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, തിരുവല്ല / www DHS kerala@gmail.c
3. ഫയൽ/സ്റ്റോക്ക് ഫയൽ.

// അംഗീകാരത്തോടെ //

സൂപ്രണ്ട്

2